Chief Minister (SHRI PANAMPILLI GOVINDA MENON): A sum of Rs. 500 has been provided in the current year's budget for compassionate payments in respect of fatal accidents happening to Palmyrah climbers in the course of their work.

Geological Survey.

* 770. [66] SHRI T. T. DANIEL: Will the Chief Minister be pleased to state:

(a) whether the Government has conducted any geological survey of the lands in the Travancore-Cochin State;

(b) if so, whether fabulous quantities of minerals are avilable in any region in Thovala taluk and Kalkulam taluk; and

(c) if so the names of minerals available in the southern taluks of the State?

Chief Minister (SHRI PANAMPILLI GOVINDA MENON):

(a) No.

(b) and (c) Do not arise.

വെറ്റിനറി കോളേജിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്.

* 771. [67] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂക്കര വെറ്റിനറി കോളേജ് ലേയ്ക്ക് എത്ര പേരെ തിരഞ്ഞെടുത്തിട്ടുണ്ട്;

(ബി) എത്ര വിദ്യാർത്ഥികളാണ് അപേക്ഷിച്ചിരുന്നത്;

(സി) മുസ്ലീം സമുദായത്തിൽനിന്നും ആരെങ്കിലും അപേക്ഷകരുണ്ടായിരുന്നോ;

(ഡി) ഉണ്ടായിരുന്നെങ്കിൽ അതിൽനിന്നും ആരെയെങ്കിലും തിരഞ്ഞെടുത്തിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം.)

(എ) 70.

(ബി) 145 അപേക്ഷകർ ഉണ്ടായിരുന്നു.

(സി) മുന്നുപേർ.

(ഡി) മുന്നുപേരെയും തിരഞ്ഞെടുത്തു.

പോളി ടെക്നിക്കു് ഇൻസ്ട്രക്ടർ നിയമനം.

* 772. [68] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി പോളി ടെക്നിക്കു് ഇൻസ്ട്രക്ടർ തസ്തികയിലേക്കു് എത്ര വിദ്യാർത്ഥികൾക്കു് പ്രവേശനം നൽകിയിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വിഷയങ്ങൾക്കും എത്ര പേരെ വീതം തി ഞ്ഞെടുത്തു ;

(സി) മുസ്ലീം സമുദായത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ അഡ മിഷനുവേണ്ടി അപേക്ഷിച്ചിരുന്നു ;

(ഡി) അവരിൽ എത്രപേർക്ക് ഏതെല്ലാം വിഷയങ്ങൾക്ക അഡ്മിഷൻ നൽകി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 75 വിദ്യാർത്ഥികൾക്ക്.

(ബി) ആട്ടോമോബയിൽ ഇൻജിനീയറിംഗ്, കെമിക്കൽ ഇൻജിനീയറിംഗ്, ഫിഷറീസ് ടെക്നോളജി ഈ വിഷയങ്ങൾക്ക് 2 വിദ്യാർത്ഥികളെ വീതവും, ഫുഡ് ടെക്നോളജിക്ക് 15 വിദ്യാർത്ഥികളെയും തിരഞ്ഞെടുത്തു.

(സി) 5 വിദ്യാർത്ഥികൾ.

(ഡി) രണ്ടുപേർക്കു അഡ്മിഷൻനൽകി. അവരിൽ ഒരാൾക്കു കെമിക്കൽ ഇൻജിനീയറിംഗ് കോഴ്സിനും മറ്റൊരാൾക്കു ഫുഡ ടെക്നോളജി കോഴ്സിനുമാണ് അഡ്മിഷൻ നൽകിയിട്ടുള്ളതു്.

സ്മാരകങ്ങൾ.

* 773. [69] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രാജ്യസേവനം നടത്താൻ യാതനകൾ അനുഭവിച്ച ദേശാഭിമാനികളുടെ സ്മരണയെ നിലനിറുത്തുവാൻ ഗവണ്മെൻറിൽനിന്നു നേരിട്ടു പണംമുടക്കി ആരുടെയെല്ലാം സ്മാരകങ്ങൾ ഏതെല്ലാം രൂപത്തിൽ നിർമ്മിച്ചിട്ടുണ്ടു് ; നിർമ്മിക്കാനുദ്ദേശിച്ചിട്ടുണ്ടു് ;

(ബി) ഗവണ്മെൻറിന്റെ സമ്പൂർണ്ണ ചുമതലയിൽ മാത്രമല്ലാതെ അർദ്ധ-ഔദ്യോഗികമോ, അനൌദ്യോഗികമോ ആയ ഏതെങ്കിലും സമിതികൾ ഈ ലക്ഷ്യത്തെ മുൻനിറുത്തി സ്റ്റേറ്റിൽ ഇന്നു പ്രവർത്തനം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) അവയിൽ ഏതിനെല്ലാം ഗവണ്മെൻറിൽനിന്നും സഹായധനം നൽകുന്നുണ്ടു് ; ഉണ്ടെങ്കിൽ എത്ര രൂപവീതം ;

(ഡി) സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്കു് നിർമ്മിക്കാനുദ്ദേശിച്ച സ്മാരകത്തിന്റെ ഇന്നത്തെ അവസ്ഥ എന്തായി എന്നു് ഇ ഗവണ്മെൻറിനറിയാമോ ;

(ഇ) 1. കന്യാകുമാരിയിൽ പണി ചെയ്യുന്ന ഗാന്ധിസ്മാരക ഘട്ടത്തിനു് എത്രരൂപ ചെലവു ചെയ്യാനാണു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു് ;

2. അതിൽ എത്രരൂപ ഇതുവരെ ചെലവായി ;

(എഫ്) വേലുത്തമ്പി ദളവായുടെ സ്മാരകം ഏതുരൂപത്തിൽ നിർമ്മിക്കാനാണു് ഉദ്ദേശിക്കുന്നതെന്നു സദയം പറയാമോ ; ഇതിലേയ്ക്കു വേണ്ടി എത്രരൂപ ചെലവാക്കാനുദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly